50 (1644) മണ്ണാർക്കാട് താലൂക്കിൽ ഫയർസ്റ്റേഷൻ

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ ഒരു ഫയർസ്റ്റേഷൻ അനുവദിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രഖ്യാപനം ഉടൻ ഉണ്ടാകുമോ?

ഉത്തരം

പുതുതായി തുറക്കാനുദ്ദശിക്കുന്ന ഫയർസ്റ്റേഷനുകളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടില്ല. പ്രസ്തുത നടപടി പൂർത്തിയായാൽ മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയൂ.

51 (1645) കണ്ണൂരിലെ കൊലപാതകങ്ങൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ 1999 ഡിസംബർ മാസത്തിൽ എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്; ആരെല്ലാമാണ് കൊല്ലപ്പെട്ടത്; ഏതു സാഹചര്യത്തിലാണ് ഇവർ കൊല്ലപ്പെട്ടത് എന്ന് വ്യക്തമാക്കുമോ; കൊല്ലപ്പെട്ടവരുടെ പേരും വിവരം വിശദമാക്കുമോ;

(ബി) ഇവർ കൊലചെയ്യപ്പെട്ട കേസ്സിൽ ഓരോന്നിലും പ്രതികൾ ആരൊക്കെയാണ് എന്ന് വിശദമാക്കുമോ;

(സി) ഈ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രതികളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്; ഉണ്ടെങ്കിൽ പ്രതികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഈ കൊലപാതകക്കേസ്സുകളിലെ പ്രതികളെ കസ്റ്റഡിയിലെടുത്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) കൊലപാതകക്കേസ്സിൽ പ്രതികളായവരെ കസ്റ്റഡിയിലെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) കണ്ണൂർ ജില്ലയിൽ നടന്ന അക്രമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എത്ര കേന്ദ്രങ്ങളിൽ പോലീസ് റെയ്ഡ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ ഏതെല്ലാം രാഷ്ട്രീയപാർട്ടികളുടെ ഓഫീസും മറ്റ് ബന്ധപ്പെട്ട കേന്ദ്രങ്ങളും ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7 പേർ കൊലചെയ്യപ്പെട്ടു. കെ.ടി. ജയകൃഷ്ണൻ, മനോജ്, കനകരാജ്, ബാലൻ, കൃഷ്ണൻനായർ, പ്രകാശൻ, കുഞ്ഞിക്കണ്ണൻ എന്നിവരാണ് കൊലചെയ്യപ്പെട്ടത്. അക്രമങ്ങളിൽ പരിക്കുപറ്റിയാണ് 7 പേരും കൊലചെയ്യപ്പെട്ടത്.

(ബി&ഇ) കൊലപാതകങ്ങളോടനുബന്ധിച്ച് 7 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. കാലതാ

LIBRARY ARCHIVES Kerala Legislative Assembly